# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി2/8790/17 | തൊഴിൽ ഭവൻ, തിരുവനന്തപുരം

തീയതി: 04/05/2017

## <u>വിജ്ഞാപനം</u>

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്-സെമസ്റ്റർ സമ്പ്രദായം- 2017 ജൂലൈ പ്രൈവറ്റായി (എസ്.സി.വി.റ്റി പാസ്സായവർ) രണ്ടാം സെമസ്റ്റർ (റഗുലർ) (MIS PORTAL മുഖേന) പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

2017 ജൂലൈ യിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ (റഗുലർ) അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (MIS PORTAL മുഖേന) പ്രൈവറ്റായി (എസ്.സി.വി.റ്റി പാസ്സായ ട്രെയിനികൾ) ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് താഴെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരും നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ **25-05-2017 വൈകുന്നേരം 3** മണിക്ക് മുൻപായി ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

### I. അപേക്ഷകന് വേണ്ട യോഗ്യതകൾ

1. 2017 ജനുവരി മാസത്തിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് / മാർക്ക് ലിസ്റ്റ് ലഭിച്ചവർ ആയിരിക്കണം

### II അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. അടിസ്ഥാന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. 2017 ജനുവരി മാസം നടത്തിയ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ/ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.

### III. പൊതുവായ നിർദ്ദേശങ്ങൾ

1. എ) <u>എസ്.സി.വി.റ്റി (പഴയ സമ്പ്രദായം)</u>

- എസ്.ടി.സി ലഭിച്ച ട്രെയിനികൾ ആയിരിക്കണം.

- ജനുവരി 2017 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് / മാർക്ക് ലിസ്റ്റ് ലഭിച്ചവർ ആയിരിക്കണം

ബി) <u>എസ്.സി.വി.റ്റി (സെമസ്റ്റർ സമ്പ്രദായം)</u>

- എസ്.സി.വി.റ്റി 1,2 സെമസ്റ്ററുകൾ പൂർണ്ണമായും വിജയിച്ച ട്രെയിനികൾ ആയിരിക്കണം.
- ജനുവരി 2017 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ്/ മാർക്ക് ലിസ്റ്റ് ലഭിച്ചവർ ആയിരിക്കണം

2. MIS PORTAL മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ട സാഹചര്യത്തിൽ 2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് അപേക്ഷ സമർപ്പിച്ച ഐ.ടി.ഐ. യിലാണ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ സമർപ്പിക്കേണ്ടത്. താഴെ പറയുന്ന നിർദ്ദേശ പ്രകാരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

   - അപേക്ഷകൾ തയ്യാറാക്കി ട്രെയിനികൾ അവർ പഠിക്കുന്ന/പഠിച്ചിരുന്ന ഐ.ടി.ഐ. പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും അപേക്ഷയിലേ ഫോർമാറ്റിൽ ശുപാർശ രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്.
   - ഇപ്രകാരം ശുപാർശ ചെയ്ത് വാങ്ങുന്ന അപേക്ഷകൾ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റ് ലഭിച്ച ഐ.ടി.ഐ. യിലെ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

3. ഓരോ ട്രേഡിലെയും ഒന്നാം സെമസ്റ്റർ പരീക്ഷയുടെ സിലബസ്സും മറ്റ് വിവരങ്ങളും www.dget.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

4. അപേക്ഷ ഫീസായി ആയിരം രൂപ (1000/-) " 0230-ലേബർ ആൻറ് എംപ്ലോയ്മെൻറ് -00-800-അദർ റസീപ്റ്റ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിൻെറ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം, കൂടാതെ നിശ്ചിത തീയതിയ്ക്കു ശേഷം അപേക്ഷ സമർപ്പിക്കുന്ന അപേക്ഷകർ 500/- രൂപ ഫൈനോടു കൂടി 30-05-2017 തീയതിക്കകം അപേക്ഷിക്കേണ്ടതാണ്.

5. ഒരിക്കൽ അടച്ച പരീക്ഷ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

6. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.റ്റി. നടത്തി വരുന്നത്. ടി ഒ.എം.ആർ. ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന

ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ഡി.ജി.ഇ.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. **ആയതിനാൽ ഹാൾടിക്കറ്റ് വിതരണത്തിന് മുൻപായി ടി 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും ഫീസആയി ശേഖരിക്കേണ്ടിവരുന്നതാണെന്ന് ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്നതായിരിക്കും.**

7. 18/12/20114 തീയതിയിലെ DGET-18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായി ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുണ്ട്.

8. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂർ രൂപ (100/-) അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിന് ശേഷം ബാദ്ധ്യതയൊന്നും ഇല്ലായെന്ന് കണ്ടാൽ ടി ജാമ്യ തുക മടക്കി നൽകുന്നതുമാണ്.

9. **ട്രെയിനികളിൽ നിന്നും ലഭ്യമായ അപേക്ഷകളിൻമേൽ സ്വീകരിക്കേണ്ട നടപടികൾ**

- ട്രെയിനികൾ തങ്ങൾ എസ്.സി.വി.ടി കോഴ്സ് പഠിച്ച സ്ഥാപനത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ടി അപേക്ഷകൾ പ്രിൻസിപ്പാൾ പരിശോധിക്കേതും അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ ശുപാർശ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ട്രെയിനികളുടെ അപേക്ഷ www.itdkerala.org എന്ന Portal ൽ രേഖപ്പെടുത്തേണ്ടതുമാണ്.
- എം.ഐ.എസ് പോർട്ടൽ മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടതിനാൽ പ്രിൻസിപ്പാൾമാർ തങ്ങൾക്കു ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച ശേഷം ട്രെയിനികൾ അപേക്ഷിച്ചിരിക്കുന്ന ട്രേഡുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയ തൊട്ടടുത്ത സർക്കാർ ഐ.ടി.ഐയിൽ നൽകേണ്ടതാണ്.
- അഫിലിയേഷൻ ഉള്ള ഐ.ടി.ഐയിലെ പ്രിൻസിപ്പാൾമാർ ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷ സ്വീകരിച്ച ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശുപാർശ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. വിജ്ഞാപന പ്രകാരമുള്ള രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

- എം.ഐ.എസ് പോർട്ടൽ മുഖേന വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള നിർദേശങ്ങൾ ലഭിക്കുന്ന മുറക്ക് ടി ട്രെയിനികളുടെ വിവരങ്ങൾ അഫിലിയേഷൻ നേടിയ ഐ.ടി.ഐയിലെ പ്രിൻസിപ്പാൾ രേഖപ്പെടുത്തേണ്ടതാണ്. എം.ഐ.എസ് പോർട്ടൽ മുഖേന ട്രെയിനികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയാൽ മാത്രമേ 2017 ജൂലൈ മാസത്തിൽ നടക്കുന്ന 2-.ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് ലഭിക്കുകയുള്ളൂ. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം അപേക്ഷകൾ സ്വീകരിക്കുന്ന ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും. ആയതിനാൽ എം.ഐ.എസ് പോർട്ടലിൽ ട്രെയിനികളുടെ വിവരങ്ങൾ അഫിലിയേഷൻ ഉള്ള ഐ.ടി.ഐ പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തുന്നുണ്ടോ എന്നുള്ള കാര്യം അപേക്ഷ സ്വീകരിക്കുന്ന ഐ.ടി.ഐയിലെ പ്രിൻസിപ്പാൾമാർ ഉറപ്പാക്കേണ്ടതാണ്.
- അഫിലിയേഷൻ ഉള്ള ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾ പ്രസ്തുത അപേക്ഷകളുടെ വിവരം എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയ ശേഷം അപേക്ഷകരുടെ ലിസ്റ്റ് ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൽ അയച്ചു തരേണ്ടതാണ്.

10. അപേക്ഷകൾ തയ്യാറാക്കി ട്രെയിനികൾ അവർ പഠിക്കുന്ന/പഠിച്ചിരുന്ന ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾ മുൻപാകെയാണ് സമർപ്പിക്കുന്നത്.ടി പ്രിൻസിപ്പാൾമാരാണ് ഒന്നാം ഘട്ട പരിശോധന നടത്തേണ്ടത്. വിജ്ഞാപന പ്രകാരമുള്ള യോഗ്യത ഇല്ലാത്ത അപേക്ഷകൾ , അപേക്ഷകൻെറ ഒപ്പ് ഇല്ലാത്ത അപേക്ഷകൾ, ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ തുടങ്ങിയവ ഐ.ടി.ഐ. തലത്തിൽ തന്നെ നിരസിക്കേണ്ടതാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ ടി പ്രിൻസിപ്പാൾമാർ ശുപാർശ രേഖപ്പെടുത്തി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾടിക്കറ്റ് ലഭിച്ച ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

**<u>അപേക്ഷകൾ ലഭിക്കുമ്പോൾ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾടിക്കറ്റ് വിതരണം നടത്തിയ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ.</u>**

1. ഹാജരാക്കുന്ന അപേക്ഷയിൽ ട്രെയിനികൾ പഠിക്കുന്ന ഐ.ടി.ഐ. പ്രിൻസിപ്പാൾ ശുപാർശ ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
2. ഹാജരാക്കുന്ന അപേക്ഷകളിൽ ട്രെയിനിയുടെ ഒപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ, വിജ്ഞാപന പ്രകാരം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ, തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ്.
3. ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് ലഭിച്ച ഹാൾടിക്കറ്റിന്റെ/ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.

4. എസ്.സി.വി.ടി. 1,2 സെമസ്റ്റർ വിജയിച്ച മാർക്ക്ഷീറ്റിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഉളളടക്കം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

11. ഇപ്രകാരം സ്വീകരിക്കുന്ന അപേക്ഷകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും ഒരോ ഐ.ടി.ഐ. യിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചതിൻെറ വിവരം അനുബന്ധം 1 പ്രകാരം പരീക്ഷാ സെക്ഷനിൽ **02-06-2017** ന് വൈകുന്നേരം 3.00 മണിക്ക് മുൻപായി പ്രത്യേകദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. സൂക്ഷിക്കുന്ന അപേക്ഷകൾ ഡയറക്റ്ററേറ്റിൽ നിന്ന് ആവശ്യപ്പെടുന്നമുറയ്ക്ക് ഹാജരാക്കേണ്ടതാണ്

12. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷാ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം തുടങ്ങിയ വിവരങ്ങൾ അപേക്ഷ സമർപ്പിച്ച ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.

13. **ഏതെങ്കിലും വിഷയത്തിൻെറ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെൻറായി പരിഗണിച്ച് ഫല പ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷകൾ ഒ.എം.ആർ. മാതൃകയിൽ നടത്തുന്നതിനാൽ റോൾ നമ്പർ അടക്കമുള്ള വിവരങ്ങൾ ഒ.എം.ആർ. ഷീറ്റിൽ തെറ്റായോ അശ്രദ്ധയോടുകൂടിയോ രേഖപ്പെടുത്തിയാൽ പ്രസ്തുത ഒ.എം.ആർ. ഷീറ്റുകൾ മൂല്യനിർണ്ണയം നടത്താൻ സാധിക്കില്ല എന്ന് ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. കൂടാതെ ഒ.എം.ആർ. ഷീറ്റുകൾ മൂല്യനിർണ്ണയം നടത്തുന്നത് മെഷീൻ ഉപയോഗിച്ചാണ്. ആയതിനാൽ ടി മൂല്യനിർണ്ണയത്തിൽ തെറ്റ് സംഭവിക്കാനുള്ള സാദ്ധ്യത കുറവായതിനാൽ പുന: പരിശോധനയോ റീ കൗണ്ടിംഗോ അനുവദിക്കുന്നതല്ലായെന്നും ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ എഞ്ചിനീയറിംഗ് ഡ്രായിംഗ് വിഷയത്തിന്റെ ഉത്തരക്കടലാസ്സുകളിൽ റോൾ നമ്പർ തെറ്റിച്ചെഴുതിയാൽ ടി ഉത്തരക്കടലാസ്സുകളും പിന്നീട് മൂല്യനിർണ്ണയം നടത്തുന്നതല്ല.**

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

**എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും**

കുറിപ്പ്:- അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫാറത്തിൻെറ രണ്ട് പകർപ്പ് (ഒരു പകർപ്പ് ട്രെയിനി പഠിച്ചിരുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാൾ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ

പകർപ്പ് ശുപാർശ ചെയ്ത് രണ്ടാം സെമസ്റ്ററിന് ഹാൾടിക്കറ്റ് ലഭിച്ച ഐ.ടി.ഐ പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്).

2. എസ്.സി.വി.റ്റി. പൂർണ്ണമായും പാസ്സായ ട്രെയിനിയാണെങ്കിൽ എസ്.റ്റി.സി. യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

3. എസ്.സി.വി.റ്റി. ഒന്ന്/രണ്ട്/മൂന്ന് എന്നീ സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ/ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.

4. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കേറ്റിൻെറ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5. ട്രെയിനികൾ പഠിക്കുന്ന/പഠിച്ചിരുന്ന ഐ.ടി.ഐ. യിലെ പ്രിൻസിപ്പാളിൻെറ ശുപാർശ

6. നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻെറ അസ്സൽ

7. ട്രെയിനിയുടെ 2 ഫോട്ടോ (ഒരു ഫോട്ടോ അപേക്ഷയിൽ പതിപ്പിക്കേണ്ടതും രണ്ടാമത്തെ ഫോട്ടോ മൂന്നാം സെമസ്റ്റർ പരീക്ഷക്ക് ഹാൾടിക്കറ്റ് ലഭിച്ച ഐ.ടി.ഐ പ്രിൻസിപ്പാൾ മുമ്പാകെ അപേക്ഷയോടൊപ്പം നൽക്കേണ്ടതാണ്. ടി ഫോട്ടോ ഹാൾടിക്കറ്റ് ലഭിക്കുമ്പോൾ പതിപ്പിക്കേണ്ടതുമാണ്).

## അനുബന്ധം-1

ഐ.ടി.ഐ യുടെ പേര്　　　　　　　　　　　　　　　　　　സെമസ്റ്റർ

| ക്രമ നം. | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ | തുക |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

(ഓഫീസ് മുദ്ര)　　　　　　　　　　　　　　　　　　പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

## പരിശോധനാ സർട്ടിഫിക്കറ്റ്

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുന്നു.

(ഓഫീസ് മുദ്ര)　　　　　　　　　　　　　　　　　　പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

ഔദ്യോഗിക മേൽവിലാസം

തീയതി:

സ്ഥലം

**APPLICATION FOR THE PRIVATE CANDIDATES**
**(SCVT PASS - REGULAR)JULY 2017 - II SEMESTER**
**(THROUGH MIS PORTAL)**

(Photo)

| | | | |
|---|---|---|---|
| 1 | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Religion & Caste. | | |
| 8. | Whether the Applicant passed I Semester SCVT *(Certificate from Principal)*<br>If yes, Roll No:<br>Trade:<br>Month/Year of Trade Test | | Details of SCVT Trade Test Semester Passed<br><br>\| \| Semester I \|<br>\| Roll No \| \|<br>\| Month \| \| |
| 9. | Details of I Semester NCVT Trade Test held on January 2017<br>Roll No. | | |
| 10. | Whether the Applicant passed the SCVT Exam (Copy of STC enclosed)<br>Roll No:<br>Trade:<br>Month/Year of Trade Test | | |
| 11. | Name of Trade applied | : | |
| 12. | Fess Details | | Chelan No………. …..<br>Chelan Date:……………<br>Name of Treasury…………… |

Place:
Date:

Signature of the applicant.

## DECLARATION

I do here by declare that the information furnished above is true to the best of my knowledge and belief. I agree to attend the trade test at the Centre allotted by the Director of Training.

Date :

Name and Signature of the Applicant

## **CERTIFICATE**

Certified that Sri./Kum. .................. Passed I, II and III Semester SCVT trade Test. I recommended to he/she ........................... appear for II Semester NCVT Trade Test held in July 2017.

Certified that Sri./Kum. ...................... passed SCVT I, II and III Semester Trade Test and Sri./Kum. ................... he appear I Semester NCVT Trade Test held in January 2017. Hence I recommended to appear II Semester NCVT trade test held in July 2017.

(Office Seal                Name & Signature of ITI Principal